# Deepika

## 23 August 2018

## Thrissur: Chalakudy Drowned in flood



# ചാലക്കുടിയെ പ്രളയത്തിൽ മുക്കിയത് പറമ്പിക്കുളം

ഫ്രാങ്കോ ലൂയിസ്

**തൃശൂർ:** കേരളത്തെ പ്രളയക്കെടുതിയിൽ മുക്കി തമിഴ്നാടും. പറമ്പിക്കുളം ഡാമിന്റെ ഷട്ടറുകൾ തുറന്നിട്ടതാണ് ചാലക്കുടി, മാള പ്രദേശങ്ങളെ മൂന്നുദിവസം വെള്ളത്തിനടിയിലാക്കിയത്. വെള്ളത്തിന്റെ കുത്തൊഴുക്കിൽ കടപുഴകിയെത്തിയ വൻ മരങ്ങളുടെ ആഘാതമേറ്റ പെരിങ്ങൽക്കുത്ത് ഡാമിന്റെ ഷട്ടറുകൾ തകരാറിലായി. കെഎസ്ഇബിയുടെ പെരിങ്ങൽകുത്തിലെ 52 മെഗാവാട്ട് ജനറേറ്റർ മുങ്ങിപ്പോയി. പെരിങ്ങലിലേക്കുള്ള റോഡ് ഒലിച്ചുപോകുകയും ചെയ്തു.

കെഎസ്ഇബിയിലെ ഉന്നത ഉദ്യോഗസ്ഥരാണ് തമിഴ്നാടിന്റെ ചതിയേക്കുറിച്ചു തുറന്നുപറയുന്നത്. പേമാരി മൂലം ഡാമുകൾ നിറഞ്ഞുകൊണ്ടിരിക്കേ, പെരിങ്ങൽക്കുത്ത് ഡാമിൽനിന്നു വെള്ളം തുറന്നുവിട്ടിരുന്നു. പറമ്പിക്കുളം ഡാം നിറഞ്ഞെന്നും ഉടനേ ഷട്ടർ തുറക്കുമെന്നും തമിഴ്നാട്ടിലെ പറമ്പിക്കുളം ഡാമിന്റെ ചുമതലയുള്ളവർ അറിയിച്ചു. സെക്കൻഡിൽ 19,500 ക്യുബിക് അടി വെള്ളം പുറത്തേക്ക് ഒഴുക്കുമെന്നാണ് അറിയിച്ചത്.

എന്നാൽ പറമ്പിക്കുളത്തുനിന്നു തുറന്നുവിട്ടത് ഇരട്ടി വെള്ളമായിരുന്നു. സെക്കൻഡിൽ 40,000 ക്യുബിക് അടി വെള്ളം. പറമ്പിക്കുളത്തെ വെള്ളം എത്തുന്നതു പെരിങ്ങൽകുത്തിലും തമിഴ്നാടിന്റെ അപ്പർ ഷോളയാറിലും കേരളത്തിന്റെ ലോവർ ഷോളയാറിലുമാണ്. ഈ ഡാമുകളുടെയെല്ലാം ഷട്ടറുകൾ പരമാവധി തുറന്നിട്ടു. തമിഴ്നാട് കൃഷിക്ക് ഉപയോഗിക്കുന്ന പറമ്പിക്കുളം ഡാമിലെ വെള്ളം തമിഴ്നാട്ടിലേക്കു കൂടുതൽ തുറക്കാതെ ഭീമമായ തോതിൽ കേരളത്തിലെ പ്രളയമേഖലയിലേക്കു തുറന്നിടുകയായിരുന്നു. കുത്തൊഴുക്കിൽ വൻമരങ്ങളും മുളക്കൂട്ടങ്ങളും കടപുഴകിയെത്തി. രണ്ടുപേർ ചേർന്ന് കൈകോർത്തു പിടിച്ചാലും വട്ടമെത്താത്ത അത്രയും വലിയ മരങ്ങളും നൂറോളം മുളകളുള്ള മുളക്കൂട്ടങ്ങളും ഡാമിനു മുകളിലും ഷട്ടറുകളിലും ഇടിച്ചു കുടുങ്ങിക്കിടക്കുന്നു. പറമ്പിക്കുളത്തുനിന്നു തുറന്നുവിട്ട വെള്ളത്തിന്റെ കുത്തൊഴുക്കിനിടെ ഉരുൾപൊട്ടലും ഉണ്ടായിട്ടുണ്ടെന്നാണു സംശയം. പെരിങ്ങൽക്കുത്തിൽ ജലസ്ഫോടനം പോലെ ഇത്രയേറെ പ്രളയജലം എത്താൻ മറ്റൊരു സാധ്യതയുമില്ലെന്നു കെഎസ്ഇബിയിലെ ഉയർന്ന ഉദ്യോഗസ്ഥർ പറയുന്നു.

തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള മുല്ലപ്പെരിയാർ ഡാമിന്റെ കേരളത്തിലേക്കുള്ള ഷട്ടറുകൾ തുറന്നപ്പോൾ ഒപ്പം തമിഴ്നാട്ടിലേക്കു വെള്ളം ഒഴുക്കുന്ന ഷട്ടറുകളും തുറന്നിരുന്നു. കേരളത്തിലേക്ക് അമിത പ്രളയാഘാതം നൽകാതിരിക്കാനാണ് ഇതു ചെയ്തത്. എന്നാൽ പറമ്പിക്കുളത്തു കേരളത്തിലേക്കുമാത്രമാണ് ഡാമിലെ പ്രളയജലം ഒഴുക്കിവിട്ടതെന്നാണു ചൂണ്ടിക്കാണിക്കുന്നത്. പറമ്പിക്കുളത്തെ വെള്ളം കൂടി എത്തിയതോടെ ചാലക്കുടി നഗരത്തിൽ ഇരുനിലക്കെട്ടിടങ്ങളുടെ ഉയരത്തിലാണു വെള്ളം ഒഴുകിയെത്തിയത്. ഇതു മാള, അന്നമനട തുടങ്ങിയ സമീപ പ്രദേശങ്ങളെയെല്ലാം പുഴയാക്കി മാറ്റി. പറമ്പിക്കുളം ഡാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ നിരുത്തരവാദപരമായി അവസാന നിമിഷം കേരളത്തിലേക്കു മാത്രം ഭീമമായ തോതിൽ വെള്ളം തുറന്നുവിട്ട സംഭവത്തിൽ സംസ്ഥാന സർക്കാർ ഗൗരവമായി ഇടപെട്ടിട്ടില്ല. തമിഴ്നാട് സർക്കാരുമായി ചർച്ചയും നടത്തിയിട്ടില്ല.

പറമ്പിക്കുളത്തുനിന്നുള്ള കുത്തൊഴുക്കിൽ കടപുഴകിയെത്തിയ വൻ മരങ്ങൾ പെരിങ്ങൽക്കുത്ത് ഡാമിൽ കുടുങ്ങിയ നിലയിൽ (വീഡിയോ ദൃശ്യം).